# സ്വർണ്ണധൂപ പീഠം.(പുറ 30:1-10)

സ്വർണ്ണധൂപപീഠവും , താമ്രയാഗപീഠവും ദൈവന്നിധിയിലേക്ക് അടുത്തു ചെല്ലുവാനുള്ള രണ്ട് ഉപകരണങ്ങളാണ്. താമ്രയാഗപീഠം നമ്മെ ശുദ്ധീകരിക്കുന്നു. ധൂപപീഠം നമ്മെ ദൈവസന്നിധിയിൽ പുരോഹിതവൃത്തിക്കായ് ക്ഷണിക്കുന്നു. ക്രിസ്തു നമ്മുടെ പുരോഹിതനും ,ധൂപപീഠവും , താമ്രയാഗപീഠവുമാകുന്നു. താമ്രയാഗപീഠത്തിന്റെ വില മനസ്സിലാക്കുന്നത് ധൂപപീഠത്തിന്റെ അരികിൽ നാം ആരാധകരായി നില്ക്കുമ്പോഴാണ്.

1. സ്വർണ്ണധൂപപീഠം ഉണ്ടാകുന്ന വിധം - പുറ (30:1-5)

2. ഇത് വെക്കേണ്ട സ്ഥലം -പുറ:(30:6)

3. ധൂപം കാട്ടുന്നതാര് ? എങ്ങനെ?മഹാപുരോഹിതനായ അഹരോൻ (പുറ: 30:7-9)

4. സുഗന്ധ ധൂപവർഗ്ഗം ഉണ്ടാക്കുന്ന വിധം - പുറ(30:34-38)

5. ഈ ധൂപ വർഗ്ഗത്തിന്റെ യോഗത്തിനൊത്തതായി സ്വയം മണക്കേണ്ടതിന് ഉണ്ടാക്കുന്നവർക്ക് മരണശിക്ഷ നൽകുന്നത് എന്തിന്? വാക്യം. (37,38) ജീവനുള്ള ഒരുവനും ക്രിസ്തുവിനു തുല്യരാകുന്നില്ല. ഈ ധൂപം വിശുദ്ധസ്ഥലത്തെത്തുന്നതുപോലെ ക്രിസ്തുവിന്റെ മഹത്വം സ്വർഗ്ഗീയവിശുദ്ധസ്ഥലത്തെത്തുകയും യഹോവ പ്രസാദിക്കുകയും വേണം. നാം വിശുദ്ധസ്ഥലത്തായിരിക്കുമ്പോൾനമ്മിൽ സ്വയം വരുവാൻ പാടില്ല. ദൈവാരാധനയ്ക്ക് ആവശ്യമെന്നുകരുതി ഉപയോഗത്തിൽ കൊണ്ടുവരുന്ന മലിനമായ സകലതും അന്യാഗ്നിയുടെ നിർവ്വചനത്തിൽ വരുന്നതാണ്. താമ്രയാഗപീഠത്തിലെ കനൽ ഉപയോഗിച്ചുമാത്രമേ ധൂപവർഗ്ഗം കത്തിക്കാവൂ.

അതായത് പാപമോചനം പ്രാപിച്ചവൻ മാത്രമേ സ്വർണ്ണധൂപപീഠത്തിങ്കൽ എത്താവൂ.

ആരാധനാ വിഷയം- ദൈവം

ആരാധനയ്ക്കടിസ്ഥാനം - ക്രിസ്തു

ആരാധനാ ശക്തി - പരിശുദ്ധാത്മാവ്

ഈ ധൂപപീഠത്തിൽ നമുക്കർപ്പിക്കാവുന്ന വഴിപാടുകളിൽ ഒന്നാമത്തേത് പ്രാർത്ഥനയാണ്.

വായിക്കുക- വെളി (5,8) ,(8:3-4)

പ്രാർത്ഥിക്കേണ്ടസമയം- 1 തെസ്സ (5:17)

എങ്ങനെ പ്രാർത്ഥിക്കണം- മർക്കോ : (11:24)

ജല്പനം അരുത് - മത്താ (6:7)

രണ്ടാമനായി സ്തോത്രം ചെയ്യുക ഇതും ഒരു വഴിപാടാണ്. വെറും ചടങ്ങിന് ഉള്ളിൽ തട്ടാതെ ഉരുവിട്ടാൽ അതിന്റെ വിലയും ഗുണവും കുറയും , (എബ്രാ:13:15) സങ്കീ: 50:2)

മൂന്നാമതായി വിശ്വാസികളെ സഹായിക്കുക .ഇത് മനുഷ്യർക്കാണ് നാം ചെയ്യുന്നതെങ്കിലും പീഠത്തിൻമേൽ തനിക്കർപ്പിച്ച ധൂപമായിട്ടാണ് ദൈവം വിചാരിക്കുന്നത് . (ഫിലി. 4:18) നാലാമതായി മറ്റുള്ളവരെ കർത്താവിങ്കലേക്ക് കൊണ്ടുവരുന്നത്ഒരു ധൂപാർപ്പണം തന്നെയാണ്. കർത്താവിന്റെ വേല ചെയ്യേണ്ടത് ഒഴിച്ചുകൂടാത്ത ഒരു പ്രവർത്തിയാണ്.

വായിക്കുക - സഭാ:(11:6),യെശ :55:10-11), റോമ : (15:15,16)

ദൈവവചനത്തിന്റെ പ്രകാശത്തിൽ ഈ ശുശ്രൂഷകൾ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.